## 15 -ാം കേരള നിയമസഭ

## 12 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2357** **15-10-2024 - ൽ മറുപടിയ്ക്ക്**

## ശ്രീരാമവർമ്മ മ്യൂസിക് കോളേജിന്റെ കെട്ടിട നിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ബാലചന്ദ്രൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | തൃശ്ശൂർ മണ്ഡലത്തിലെ ശ്രീരാമവർമ്മ മ്യൂസിക് കോളേജിന്റെ കെട്ടിട നിർമ്മാണത്തിന് കിഫ്ബി വഴി പത്ത് കോടി രൂപ അനുവദിച്ചിട്ടും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ? | (എ) | പുതുതായി ആരംഭിക്കുന്ന ശ്രീരാമവർമ്മ മ്യൂസിക് കോളേജ് ഉൾപ്പെടെയുള്ള 12 കോളേജുകളുടെ അടിസ്ഥാന സൌകര്യ വികസനം കിഫ്ബി ഫണ്ടുപയോഗിച്ച് നടപ്പാക്കുന്നതിനായി 13-11-2017-ലെ സ.ഉ (കൈ) നം.285/2017/ഉ.വി.വ, 19-06-2019-ലെ സ.ഉ (കൈ) നം.173/2019/ഉ.വി.വ, 30-08-2019-ലെ സ.ഉ (കൈ) നം.304/2019/ഉ.വി.വ എന്നീ ഭരണാനുമതി ഉത്തരവുകൾ പ്രകാരം ആകെ 120 കോടി രൂപയും (ഒരു കോളേജിന് 10 കോടി രൂപ വീതം) ടി കോളേജുകൾക്ക് അത്യാവശ്യമെങ്കിൽ ഭൂമി ഏറ്റെടുക്കുന്നതിന് ആകെ 100 കോടി രൂപയും സർക്കാർ അനുവദിച്ചിരുന്നതും കിറ്റ് കോ-യെ പദ്ധതി നിർവ്വഹണ ഏജൻസിയായി ചുമതലപ്പെടുത്തിയിരുന്നതുമാണ്. എന്നാൽ, ശ്രീരാമവർമ്മ മ്യൂസിക് കോളേജിന് കിഫ്ബി ഫണ്ടുപയോഗിച്ച് കെട്ടിടം നിർമ്മിക്കുന്നതിനായി സ്ഥലം കണ്ടെത്തിയിട്ടില്ലാത്തതിനാൽ, ടി പദ്ധതിയുടെ വിശദമായ പദ്ധതി രേഖ കിറ്റ്കോ കിഫ്ബിയുടെ അംഗീകാരത്തിനായി നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. കിഫ്ബി ഫണ്ടുപയോഗിച്ച് നടപ്പാക്കുന്ന ഉന്നതവിദ്യാഭ്യാസ വകുപ്പിനു കീഴിലെ പദ്ധതികളുടെ അവലോകനത്തിനായി 14-06-2024-ൽ കിഫ്ബിയിൽ ചേർന്ന യോഗത്തിൽ നിർദേശിച്ചതിൻ പ്രകാരം പദ്ധതിക്ക് ഉചിതമായ ഒരു സ്ഥലം കണ്ടെത്തി നൽകുന്നതിന് കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് കിറ്റ്കോ കത്ത് നൽകിയിട്ടുണ്ട്. ഉചിതമായ സ്ഥലം കണ്ടെത്തി കൈമാറുന്നതു സംബന്ധിച്ച നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് കിറ്റ്കോ-യ്ക്ക് വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിനായി ലഭ്യമാക്കാവുന്നതും ആയത് കിഫ്ബി മാനദണ്ഡങ്ങൾക്കനുസൃതമാണോ എന്ന് പരിശോധിച്ച്, തുടർന്നുവരുന്ന എക്സിക്യൂട്ടീവ് കമ്മിറ്റി/ |

| | | | |
|---|---|---|---|
| | | | കിഫ് ബോർഡ് മുൻപാകെ സമർപ്പിച്ച് അംഗീകാരം ലഭ്യമാക്കി ധനാനുമതി ഉത്തരവു പുറപ്പെടുവിക്കാവുന്നതുമാണ്. ടി ഉത്തരവു ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി യഥാസമയം ആരംഭിച്ച് പൂർത്തിയാക്കുന്നതിന് ടെൻഡർ ഉൾപ്പെടെയുള്ള നടപടികൾ എസ്.പി.വി ആയ കിറ്റ് കോ-യ്ക്ക് സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ